പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *697 — 16/07/2012 ൽ മറുപടിയ്ക്ക്

## റീസർവ്വേ അദാലത്തുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. റ്റി. ബൽറാം:<br>ശ്രീ. വി. ഡി. സതീശൻ:<br>ശ്രീ. എം. പി. വിൻസെന്റ്:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റീസർവ്വേ സംബന്ധിച്ച പരാതികൾ പരിഗണിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) | 31/05/2010 ലെ ജി.ഒ(എം.എസ്) 200/10/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റീസർവ്വേ പൂർത്തിയായ വില്ലേജുകളുടെ ഭൂമി സംബന്ധമായ എല്ലാ പരാതികളിലും മേൽ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. താലൂക്കാഫീസ് മുഖേന തീർപ്പാക്കാൻ ശേഷിക്കുന്ന ഭൂപരാതികളുടെ എണ്ണത്തിനനുസരിച്ച് പരാതി പരിഹരിക്കുന്നതിനായി സർവെ വകുപ്പിൽ നിന്നും ജീവനക്കാരെ താലൂക്ക് എൽ.ആർ.എം. വിഭാഗത്തിലേയ്ക്ക് പുനർവിന്യസിച്ചിട്ടുണ്ട്. വരുന്ന 6 മാസത്തിനകം എല്ലാ താലൂക്കുകളിലുമുള്ള മുഴുവൻ ഭൂപരാതികളിലും സർവെ ജോലി പൂർത്തിയാക്കുന്നതിനു നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഇതിനായി അദാലത്തുകൾ നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (ബി) | ഓരോ ജില്ലയിലും തീർപ്പാക്കാൻ ശേഷിക്കുന്ന റീ-സർവെ പരാതികൾ വരുന്ന 6 മാസത്തിനുള്ളിൽ അദാലത്ത് സംഘടിപ്പിച്ച് തീർപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ട്. |
| (സി) എന്നു മുതലാണ് ഈ അദാലത്തുകൾ നടത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | കൃത്യമായ തീയതി തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ